# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5661 29/07/2015-ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ മത്സ്യഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
| (എ) | മത്സ്യഗ്രാമം പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും അതിന് ആകെ എത്ര തുകയാണ് ചെലവഴിച്ചിരിക്കുന്നതെന്നും പറയാമോ; | (എ) | 13-ാം ധനകാര്യ കമ്മീഷന്റെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന്റെ പുനരുദ്ധാരണ ത്തിനായി 139.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി ഇതിനോടകം പൂർത്തീകരിച്ചു കഴിഞ്ഞു. |
| (ബി) | പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾ നിർമ്മിച്ചുവെന്ന് പറയാമോ; | (ബി) | പദ്ധതിയുടെ ഭാഗമായി 110 വീടുകൾ നിർമ്മിയ്ക്കു ന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; | (സി) യും (ഡി) യും | ഉണ്ട്. പദ്ധതിയുടെ ഭാഗമായി അനുവദിച്ച 110 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (ഇ) | വീടുകളുടെ അപേക്ഷ നിശ്ചിത തീയതിക്ക് നൽകാൻ കഴിയാത്ത അർഹരായവരുടെ അപേക്ഷ ഇനിയും സ്വീകരിക്കുവാനും വീട് നൽകുവാനും നടപടി സ്വീകരിക്കാമോ? | (ഇ) | പദ്ധതിയിലേക്ക് നിശ്ചിത സമയത്ത് അപേക്ഷ നൽകാൻ സാധിക്കാത്ത അർഹരായവരെ വകുപ്പ് നടപ്പിലാക്കുന്ന മറ്റ് ഭവന പദ്ധതികളിൽ അപേക്ഷി ക്കുന്ന പക്ഷം പരിഗണിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ആഫീസർ**